**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45</u>** **<u>05.06.2018-ൽ മറുപടിക്ക്</u>**

## <u>വിനോദ സഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുന്ന സംഭവങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. ആന്റണി ജോൺ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. കെ. ആൻസലൻ
ശ്രീ. എം. മുകേഷ്

<u>മറുപടി</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) കോവളത്തുണ്ടായ നിർഭാഗ്യകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികൾക്ക് സുരക്ഷ ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

എ) കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ ഉണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെ ഉന്നത അധികാരികളും പങ്കെടുത്ത യോഗം 10.5.2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിലേക്കായി സ്വീകരിക്കേണ്ട നടപടികൾക്കായി 18.05.2018-ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകളും എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന

പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ ശക്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തിരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തിരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന ത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണ ങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കാൻ കഴിയുമോ എന്ന് പരിശോധിക്കും.

അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ

വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തി വരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നേരെയുള്ള മോശപ്പെട്ട പെരുമാറ്റവും അവർ അക്രമിക്കപ്പെടുന്നതും ഒഴിവാക്കി കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ വഴി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണവും കബളിപ്പിക്കലും വിനോദസഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുമെന്നതിനാൽ ഇത്തരം സ്ഥലങ്ങൾ കർശന നിരീക്ഷണത്തിന് വിധേയമാക്കാൻ നടപടിയെടുക്കുമോ;

ബി) വിനോദസഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുന്ന ഘടകങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം അനഭിലഷണീയ പ്രവണതകൾ തടയുന്നതിന്റെ ഭാഗമായി ടൂറിസം റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

സി) ഉത്തരവാദിത്ത ടൂറിസം മിഷൻ ശക്തിപ്പെടുത്തി വിനോദ സഞ്ചാര വ്യവസായത്തിന്റെ

സി) ഉത്തരവാദിത്ത ടൂറിസം മിഷൻ ഉപയോഗപ്പെടുത്തി വിനോദ സഞ്ചാരത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലെത്തിക്കാനും അതുവഴി ഇത്തരം സ്ഥലങ്ങളിൽ അനഭിലഷണീയ പ്രവണതകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ ഒഴിവാക്കാനും

സദ്ഫലം സാധാരണ ക്കാരിലേക്കെത്തി ക്കാനും അതുവഴി ഇത്തരം സ്ഥലങ്ങളിൽ നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കാനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾത്തന്നെ ഉത്തരവാദിത്ത ടൂറിസം മിഷൻ ഉപയോഗപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി ആരംഭിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തിനായി നടത്തിയ വിവിധ അവബോധ ശിൽപശാലകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവയിലായി ഇതിനകം 2000 പേർ പങ്കെടുത്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വ ത്തിൽ ഇതിനോടകം 6 ജില്ലകളിൽ അവബോധത്തിനായുള്ള ശിൽപ്പശാലകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഉത്തര വാദിത്ത ടൂറിസം മിഷൻ മുഖേന സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ ഓഡിറ്റ് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ